**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6414** **10-11-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അംഗപരിമിതർ, വിധവകൾ എന്നിവരുടെ മുൻഗണനാലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുമ്പോൾ അംഗപരിമിതർ, വിധവകൾ എന്നിവർക്ക് പ്രത്യേകമായ മുൻഗണനാലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ അംഗപരിമിതർ, വിധവകൾ എന്നിവർക്ക് സംവരണം നൽകി വരുന്നുണ്ട്. ചില ജില്ലകളിൽ ഒഴിവുകളുടെ സ്വഭാവമനുസരിച്ചും, അംഗപരിമിതരുടെ എണ്ണം കണക്കിലെടുത്തും അംഗപരിമിതർക്ക് മാത്രമായി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വിധവകൾക്ക് മാത്രമായി പ്രത്യേകം ലിസ്റ്റ് തയ്യാറാക്കി വരുന്നില്ല. ഇത് കൂടാതെ മുൻഗണനാ വിഭാഗങ്ങൾക്കുള്ള സെലക്ട് ലിസ്റ്റുകളിൽ ഇവരെയും, സംസ്ഥാന ഗവൺമെന്റിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ മറ്റ് വിഭാഗക്കാരെയും ഒരുമിച്ച് ചേർത്ത് നിയമനങ്ങൾക്ക് പരിഗണിച്ച് വരുന്നുണ്ട്. |
| (ബി) | നിലവിൽ ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അംഗപരിമിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിൽ എത്രപേരുണ്ടെന്ന് അറിയിക്കാമോ? | (ബി) | തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ലിസ്റ്റിന്റെ പേര് | സീനിയോറിറ്റി കാലയളവ് | ലിസ്റ്റിൽ ഉൾപ്പെട്ട അംഗപരിമിതരായ ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| പാർട്ട് ടൈം പി.എച്ച് സപ്ലിമെന്ററി | 01.01.1993 മുതൽ 31.12.2000 വരെ | 325 |
| എസ്.എസ്.എൽ.സി വിത്ത് കമ്പ്യൂട്ടർ (ക്ലർക്ക്) | 01.01.2011 മുതൽ 30.09.2020 വരെ | 87 |

Kavitha

സെക്ഷൻ ഓഫീസർ